(എഫ്) നിർമ്മാണത്തിൽ യാതൊരുവിധ അഴിമതിയും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കല്ലേത്രയിൽപടി മുതൽ കട്ടിളപ്പാറവരെ കല്ലുകെട്ടി സംരക്ഷിക്കുന്നതിന് നടപടി

27 (3426) ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറിപടി നൽകുമോ:

(എ) തിരുവല്ലാ നിയോജകമണ്ഡലത്തിൽ മണിമലയാറിന് പടിഞ്ഞാറെക്കരയിലുള്ള കല്ലേത്രയിൽപടി മുതൽ കട്ടിളപ്പാറവരെയുള്ള ഭാഗം വെള്ളപ്പൊക്കത്താലും ശക്തമായ ഒഴുക്കിനാലും ഇടിഞ്ഞു വീഴുന്നതുമൂലം 15 ഓളം വീട്ടുകാർ ഭീഷണിയെ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത ഭാഗം കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്ര:

(സി) പ്രസ്തുത ജോലിക്കുവേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കാമെന്ന് അറിയിച്ചിട്ടുണ്ടോ;

(ഡി) ഈ ജോലി അടിയന്തിരമായി ചെയ്യാനാവശ്യമായ നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) ഉണ്ട്.

പ്രസ്തുത ഭാഗം സംരക്ഷിക്കുന്നതിനായുള്ള ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വെള്ളപ്പൊക്കം ഉണ്ടാകുന്ന നദികളുടെ സംരക്ഷണത്തിനായുള്ള കേന്ദ്ര പദ്ധതിയിൽപ്പെടുത്തി അനുമതിയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഒരു കോടി പത്തുലക്ഷം രൂപ.

(സി) ഇതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ഡി) കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ബംഗ്ലാദേശ് കോളനി കടൽഭിത്തി നിർമ്മാണം

28 (3427) ശ്രീ. എം. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബംഗ്ലാദേശ് കോളനി കടൽഭിത്തി നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചപ്പോൾ അതിൽ ഓവുചാൽ നിർമ്മാണവും ഉൾപ്പെട്ടിരുന്നുവോ;

(ബി) ഓവുചാൽ ഒഴിവാക്കിയാണോ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly